(സി) മുൻഗണനാപട്ടിക പ്രകാരം പണിപൂർത്തിയാക്കിയതും പണി നടന്നുകൊണ്ടിരിക്കുന്നതും ഒഴിച്ച് 1388 സ്കൂളുകൾക്ക് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രീഡിഗ്രി വിദ്യാഭ്യാസം സെക്കൻററി സ്കൂളുകളിലേക്ക് മാറ്റുമ്പോൾ ആവശ്യമായി വരുന്ന അദ്ധ്യാപകർ

153 [166] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് തലത്തിൽ നടക്കുന്ന പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേക്കു മാറ്റുമ്പോൾ സെക്കൻററി സ്കൂളുകളിൽ ആവശ്യമായി വരുന്ന അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അവർക്കു ശമ്പളമിനത്തിലും മറ്റും വരുന്ന ചെലവ് എത്ര;

(ഡി) അവർക്ക് സർക്കാർ ഖജനാവിൽ നിന്നാണോ ശമ്പളം നൽകേണ്ടത്;

(ഇ) യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ സഹായം ഇതിനായി ലഭിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേയ്ക്ക് മാറ്റുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടില്ല.

(ഇ) പ്രീഡിഗ്രിതല വിദ്യാഭ്യാസത്തിന് യു.ജി.സി. സഹായം ലഭ്യമല്ല.

പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ നടക്കുന്ന സമരം

154 [167] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ സമരം എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറിന് സമരത്തിലേർപ്പെട്ടിരിക്കുന്നവർ നിവേദനം എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്;

(ഡി) ബോർഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ നിർദ്ദേശം ഇൻഡ്യയിൽ ഇനി നടപ്പാക്കേണ്ട എത്ര സംസ്ഥാനങ്ങൾ ഉണ്ട് എന്ന് പറയാമോ;

(എഫ്) ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly